കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ശ്രീകൃഷ്ണപുരം ബ്ലോക്ക്പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ കാര്യാലയം
പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ.പി.കെ.ഡി8/2104/2107

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്, തീയതി- 22.11.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
2. അസി. ഡെവലപ്പ്മെന്റ് കമ്മീഷണർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ. പി.കെ.ഡി8/2104/2017 തീയതി – 22.11.2017

പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 29-11-2016 മുതൽ 9-11-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കൃഷ്ണകുമാർ.കെ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.11.2017മുതൽ 18.11.2017വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.യു.ബിജു ആന്റണി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എസ്.എൽ.പത്മകുമാർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി എം.എസ്.താരിഖ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | 1 | ശ്രീ.പി.അരവിന്ദാക്ഷൻ | 1.4.2016 മുതൽ 31-3-2017 വരെ |
| സെക്രട്ടറി | 1 | ശ്രീ. നിബു ടി കുര്യൻ | 1.04.2016 മുതൽ 27.06.2016 വരെ |
| | 2 | ശ്രീ. ആർ. അജയകുമാർ | 28.6.2016 മുതൽ 27.7.2016 വരെ |
| | 3 | ശ്രീ. നിബു ടി കുര്യൻ | 28-7-2016 മുതൽ 2.12.2016 വരെ |
| | 4 | ശ്രീ. മൊയ്തുകുട്ടി | 3.12.2016 മുതൽ 31-3-2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസി.എക്സി.എഞ്ചിനിയർ | 1 | കെ. സുബ്രഹ്മണ്യൻ | 1.4.2016 മുതൽ 26.5.2016 വരെ |
| | 2 | കെ.ടി.കൃഷ്ണൻ കുട്ടി | 27.5.2016 മുതൽ 5.11.2016 വരെ |
| | 3 | ജി.എസ്. അനീഷ് | 6.11.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | 1 | ഡോ. ദീപക് ഗോപിനാഥ് | 1.4.2016 മുതൽ 31.3.2017 വരെ |
| കൃഷി അസി.ഡയറക്ടർ | 1 | ഉമ്മു സൽമ | 1.4.2016 മുതൽ 31.12.2016 വരെ |
| | 2 | പത്മജ പ്രഭാകർ | 1.1.2017 മുതൽ 2.1.2017 വരെ |
| | 3 | ജെ. നിക്കോളാസ് ജയചന്ദ്രൻ | 3.1.2017 മുതൽ 31.3.2017 വരെ |
| സി.ഡി.പി.ഒ. | 1 | സി.രാധിക | 1.4.2016 മുതൽ 31.3.2017 വരെ |
| എസ്.സി.ഡി.ഒ. | 1 | പി.ഡി. ഇസുദ്ദീൻ | 1.4.2016 മുതൽ 23.7.2016 വരെ |
| | 2 | ടി.എം. മുകേഷ് | 24.7.2016 മുതൽ 22.8.2016 വരെ |
| | 3 | ജോസഫ് ജോർജ് | 23.8.2016 മുതൽ 21.12.2016 വരെ |
| | 4 | ടി.എം. മുകേഷ് | 22.12.2016 മുതൽ 12.1.2017 വരെ |
| | 5 | ശ്രീജിത്ത് ബാബു | 13.1.2017 മുതൽ 31.3.2017 വരെ |
| ഡയറി. എക്സ്റ്റൻഷൻ ഓഫീസർ | 1 | പി. ഹരീന്ദ്ര നാഥ്. | 1.4.2016 മുതൽ 18.5.2016 വരെ |
| | 2 | എം.എ.ശ്യാമ | 19.5.2016 മുതൽ 15.6.2016 വരെ |
| | 3 | സി.ജെ.ജാസ്മിൻ | 16.6.2016 മുതൽ 17.9.2016 വരെ |
| | 4 | കെ. ഉഷാദേവി | 18.9.2016 മുതൽ 31.3.2017 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 3.3.2016 തിയതിയിലെ 1ാം തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2017 | 30-6-2017 | - | - |

## 1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -73848067

വരവ് -83896946

ആകെ -157745013

ചെലവ് -105231740

നീക്കിയിരിപ്പ്-52513273

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് (അലോട്ട്മെന്റ്) | ആകെ | ചെലവ് | ലാപ്സായ തുക | നീക്കി യിരിപ്പ് | ചെലവ് ശത മാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 24878877 | 24878877 | 22642475 | 2236402 | 0 | 91 |
| വികസനഫണ്ട് എസ്.സി.പി. | 0 | 21672117 | 21672117 | 19214698 | 2457419 | 0 | 89 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 112056 | 112056 | 112056 | 0 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3869571 | 3869571 | 2765324 | 1104247 | 0 | 71 |
| ജനറൽ പർപ്പസ് ഗ്രാന്റ് + തനത് ഫണ്ട് | 4514699 | 3942668 | 8457367 | 5166706 | - | 3290661 | 61 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 89 | 64733135 | 82 | 47355809 | 7 | 92 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 4275000 | 2675000 | 63 |
| കൃഷി അസി. ഡയറക്ടർ | 2 | 2 | 660000 | 660000 | 100 |
| പട്ടികജാതി വികസന ഓഫീസർ | 2 | 2 | 1073667 | 1073667 | 100 |
| മെഡിക്കൽ ഓഫീസർ , സി.എച്ച്.സി | 4 | 4 | 2115000 | 2115000 | 100 |
| ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | 2 | 2 | 452000 | 452000 | 100 |
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 26 | 26 | 22441807 | 20449783 | 91 |
| അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 50 | 43 | 33715661 | 19930359 | 59 |

# 1-6 ക്യാഷ് വെരിഫിക്കേഷൻ–

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-11-2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1000രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-7 ആഭ്യന്തര നിയന്ത്രണം

2017 മാർച്ച് മാസം സ്ഥാപനത്തിന് ഐ.എസ്.ഓ. സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. വളരെ നല്ല ഓഫീസ് സംവിധാനവും രേഖകൾ, രജിസ്റ്ററുകൾ വൃത്തിയായി ക്രമീകരിച്ച റിക്കോർഡ് റൂമും സജ്ജീകരിച്ചിട്ടുണ്ട്. കൃത്യമായ ഓഫീസ് ഉത്തരവുകളും സമയബന്ധിതമായ പ്രവർത്തനങ്ങളും ആഭ്യന്തര നിയന്ത്രണം സംവിധാനത്തിന്റെ മികച്ച മാതൃകകളായി കാണുന്നു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20-2-2017 മുതൽ 13-3-2017വരെ | 2015-16 | 13-03-2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2-3-2016 മുതൽ 4-3-2016 വരെ | 1-8-2013 മുതൽ 29-2-2016 വരെ | 28-3-2016 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 E-Tender മുഖേന നടപ്പാക്കിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ ഫോറം വില പഞ്ചായത്തിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തൻവർഷം നടപ്പാക്കിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ E-Tender മുഖേന നടപ്പാക്കിയിട്ടുള്ളവയുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കാണ് അടവാക്കിയിട്ടുള്ളത്. ടി തുകകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് നടത്തണമെന്ന സർക്കാർ നിർദേശം പാലിച്ചിട്ടില്ല. ഇതു സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

തുകകൾ നിക്ഷേപിച്ച അക്കൌണ്ട് നം. A/c No. 67249238637(SBI,Palakkad)

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | കരാറുകാരുടെ എണ്ണം | ടെണ്ടർ ഫോറത്തിന്റെ വില | വാറ്റ് |
|---|---|---|---|---|---|
| 1 | കണ്ണത്ത് മേൽഭാഗം കോളനി റോഡ് | 900000 | 2 | 2x1800=3600 | 2x90=180 |
| 2 | കല്യക്കിലിയാട് കുഴൽക്കിണർ കുന്തിപ്പാടം റോഡ് | 600000 | 6 | 6x1200=7200 | 6x60=360 |
| 3 | അമ്പലമ്പാടം മേലേക്കളം റോഡ് | 600000 | 6 | 6x1200=7200 | 6x60=360 |

| | | | | | |
|---|---|---|---|---|---|
| | കോൺക്രീറ്റ് | | | | |
| 4 | തോട്ടര പുഞ്ചപ്പാടം റോഡ് | 600000 | 3 | 3x1200=3600 | 3x60=180 |
| 5 | ചന്തപ്പുര നാലുസെന്റ് കോളനി റോഡ് | 600000 | 2 | 2x1200=2400 | 2x60=120 |
| 6 | കല്ലറക്കുന്ന് എ.യു.പി.എസ്. റോഡ് ,ശ്രീകൃഷ്ണപുരം | 600000 | 4 | 4x1200=4800 | 4x60=240 |
| 7 | വടക്കൻ വെള്ളിനേഴി കാട്ടിലയ്യപ്പൻ റോഡ് റീ ടാറിംഗ് | 600000 | 2 | 2x1200=2400 | 2x60=120 |
| 8 | കല്ലുവഴി തിരുവാഴിയോട് കനാൽ ബണ്ട് റോഡ് | 600000 | 2 | 2x1200=2400 | 2x60=120 |
| 9 | പൂളക്കുഴി കോടാനമ്പറ്റ റോഡ് | 600000 | 4 | 4x1200=4800 | 4x60=240 |
| 10 | ചോലപ്പാടം ചീനിമുക്ക് റോഡ് | 600000 | 4 | 4x1200=4800 | 4x60=240 |
| 11 | തോണിപ്പുറം പുത്തൻ പുര റോഡ് | 600000 | 2 | 2x1200=2400 | 2x60=120 |
| 12 | അയ്യപ്പൻകാവ് കുളപ്പാറൽ റോഡ് | 600000 | 2 | 2x1200=2400 | 2x60=120 |
| 13 | ആറ്റാശ്ശേരി കോന്തത്ത് കോളനി റോഡ് | 900000 | 6 | 6x1800=10800 | 6x90=540 |
| 14 | കിഴക്കേപ്പാട്ട് കുന്ന് റോഡ് ടാറിംഗ് | 900000 | 2 | 2x1800=3600 | 2x90=180 |
| 15 | മംഗലാംകുന്ന് പാർലിപ്പടി റോഡ് | 900000 | 9 | 9x1800=16200 | 9x90=810 |
| 16 | മുണ്ടക്കുന്ന് കടിയാമ്പാല റോഡ് | 900000 | 7 | 7x1800=12600 | 7x90=630 |
| 17 | മുത്തക്കണ്ണി കാവിൻ പടി റോഡ് | 900000 | 8 | 8x1800=14400 | 8x90=720 |
| 18 | കല്ലിഞ്ചാരം കോളനി റോഡ് | 900000 | 6 | 6x1800=10800 | 6x90=540 |
| 19 | നെട്ടമ്പുള്ളി പറമ്പ് കോളനി റോഡ് | 900000 | 4 | 4x1800=7200 | 4x90=360 |
| 20 | ചേരിക്കുണ്ട് കോളനി റോഡ് | 900000 | 8 | 8x1800=14400 | 8x90=720 |

| | | | | | |
|---|---|---|---|---|---|
| 21 | ഭ്രാന്തൻ കുഴി കോളനി റോഡ് | 900000 | 6 | 6x1800=10800 | 6x90=540 |
| 22 | പറയൻ കുന്ന് പള്ളിയാൽ റോഡ് | 900000 | 4 | 4x1800=7200 | 4x90=360 |
| 23 | തച്ചൻ കുന്ന് കോളനി റോഡ് | 500000 | 5 | 5x1000=5000 | 5x50=250 |
| 24 | പതിനെട്ടാം പടി കുടിവെള്ള പദ്ധതി | 600000 | 4 | 4x1200=4800 | 4x60=240 |
| 25 | മുന്നൂർക്കോട് അംഗൻവാടി | 900000 | 4 | 4x1800=7200 | 4x90=360 |
| 26 | വയോമിത്രം -വൃദ്ധർക്കുള്ള താമസകേന്ദ്രം | 1100000 | 3 | 3x2500=7500 | 3x125=375 |
| 27 | ഖാദി നെയ്ത്ത് വ്യവസായ യൂണിറ്റ് | 3200000 | 9 | 9x2500=22500 | 9x125=1125 |
| 28 | വിവിധ ഗ്രാമ പഞ്ചായത്തുകളിലെ അംഗൻവാടികളുടെ നവീകരണം | 1040000 | 3 | 3x2500=7500 | 3x125=375 |
| 29 | പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് | 2000000 | 2 | 2x2500=5000 | 2x125=250 |
| 30 | സി.എച്ച്.സി. കടമ്പഴിപ്പുറം അടിസ്ഥാന സൗകര്യം | 1100000 | 2 | 2x2500=5000 | 2x125=250 |
| | ആകെ | | | 220500 | 11025 |

E-Tender മുഖേന നടപ്പാക്കിയിട്ടുള്ളവയുടെ ടെണ്ടർ ഫോറം വില, വാറ്റ് എന്നിവ ബ്ലോക്ക് പഞ്ചായത്തിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സാധനങ്ങളുടെ സമാഹരണത്തിൽ സർക്കാർ ഉത്തരവുകൾ പാലിച്ചിട്ടില്ല-ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു

പ്രോജക്ട് നം. SO 77/17,അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേക്ക് ഫർണിച്ചർ, അനുബന്ധ സൗകര്യങ്ങൾ എന്ന പ്രോജക്ടിനായി (MG(NR)) ബിൽ നം. 33/16-17 /31-3-2017 പ്രകാരം 100000രൂ. ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി പ്രോജക്ട് പ്രകാരം രണ്ട് കമ്പ്യൂട്ടറും ഒരു പ്രിന്ററും 4 ടോണറുകളും ആണ് വാങ്ങിയിട്ടുള്ളത് (ഫർണിച്ചറുകൾ വാങ്ങിയിട്ടില്ല). Kerala State Industrial Enterprises ൽ നിന്നും നേരിട്ടാണ് മേൽ പറഞ്ഞവ വാങ്ങിയിട്ടുള്ളത്.

സ.ഉ.(സാധാ) നം. 3299/2016/ത.സ്വ.ഭ.വ, തീയ്യതി. 2-12-2016 പ്രകാരം സ്ഥാപനങ്ങൾ സ്വയം നിർമിക്കുന്ന സാധനങ്ങൾക്കു മാത്രമേ ടെണ്ടർ നടപടികളിൽ നിന്നും ഇളവ് അനുവദനീയമായിട്ടുള്ളൂ.

മറ്റുള്ളവരിൽ നിന്നും സമാഹരിച്ച് ടി സ്ഥാപനങ്ങൾ വിൽപ്പന നടത്തുന്ന സാധനങ്ങൾ ടെണ്ടർ/ക്വട്ടേഷൻ നടപടികളിലൂടെ മാത്രമേ വാങ്ങാൻ പാടുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ ഒന്നും സ്വീകരിക്കാതെ നേരിട്ടാണ് മേൽ പറഞ്ഞവ വാങ്ങിയിട്ടുള്ളത്.

സപ്ലൈ ഓർഡർ നൽകിയിട്ടുള്ളത് കമ്പ്യൂട്ടറിനും പ്രിന്ററിനും മാത്രമാണ് (2x39980+15520=95480). എന്നാൽ 4 ടോണർ കൂടി ഉൾപ്പെടെയുള്ള ഇൻവോയ്സ് ആണ് സ്ഥാപനം സമർപ്പിച്ചിട്ടുള്ളത്. (4 ടോണറിനും കൂടി ആകെ 4520(2x1100+2x1160) ഇൻവോയ്സിൽ ചേർത്തിട്ടുണ്ട്.). ആയതനുസരിച്ചുള്ള മുഴുവൻ തുകയും (100000രൂ.) കൈമാറിയിട്ടുണ്ട്.

വാങ്ങേണ്ട കമ്പ്യൂട്ടറുകളുടെയും പ്രന്ററിന്റെയും Specification സംബന്ധിച്ച് IKMൽ നിന്നും ആവശ്യകതാ സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല. കൂടാതെ ലഭ്യമായ സാധനങ്ങളുടെ പരിശോധന നടത്തി ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ ആണ് ഉള്ളത് എന്നും ഉറപ്പാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 7/17.11.2017ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.

മേല്പറഞ്ഞ കാരണങ്ങളാൽ ആകെ ചെലവ് തുക 100000രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-2 പ്രീമെട്രിക്ക് ഹോസ്റ്റലിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഘടകങ്ങൾ വാങ്ങൽ- സർക്കാർ ഉത്തരവ് പാലിക്കാതെ വാങ്ങി- 172724/-രൂപ തടസ്സം

പ്രൊജക്ട്- പ്രീമെട്രിക്ക് ഹോസ്റ്റലിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഘടകങ്ങൾ വാങ്ങൽ

പ്രൊജക്ട് നമ്പർ-67/ 2017

അടങ്കൽ- 558000 (വി ഫ)

നിർവ്വഹണോദ്യോഗസ്ഥൻ - എസ് സി ഡി ഒ

ചെലവ്- 556603/-

ബിൽ നം-7/17, 196118, 26-03-2017

പ്രീമെട്രിക്ക് ഹോസ്റ്റലിലേക്ക് കമ്പ്യൂട്ടർ, നാപ്കിൻ വെൻഡർ മെഷിൻ, എച്ച് പി ലേസർ പ്രിണ്ടർ, ജനറേറ്റർ 3kva@ അനുബന്ധ ഘടകങ്ങളും ഫർണിച്ചർ വാങ്ങൽ എന്ന പദ്ധതിയിൽ കംമ്പ്യൂട്ടറുകൾ വാങ്ങിയിരിക്കുന്നത് KSIE യിൽ നിന്നും മേശ, കസേര എന്നിവ ലക്ഷമി ഫർണിച്ചേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിരിക്കുന്നത്. എന്നാൽ മേൽ ബിൽ പ്രകാരം 172724/-രൂപ ചെലവഴിച്ച് താഴെപ്പറയുന്ന സാധനങ്ങൾ വാങ്ങിയിരിക്കുന്നത് പാലക്കാട് ഡിസ്ട്രിക്റ്റ് കോപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോറിൽ നിന്നുമാണ്.

| ക്രമ നം | ഇനങ്ങൾ | തുക |
|---|---|---|
| 1 | നാപ്കിൻ വെൻഡർ മെഷിയൻ | 36984 |
| 2 | എച്ച് പി ലേസർ പ്രിണ്ടർ @ ഫോട്ടോ സ്റ്റാറ്റ് മഷിയിൻ | 13740 |
| 3 | ജനറേറ്റർ 3kva | 122000 |
| 4 | ആകെ | 172724 |

സ. ഉ (സാധാ) 3299/2016 തസ്വഭവ 2.12.2016 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ടെൻഡർ കൂടാതെ സാധന സാമഗ്രികൾ സർക്കാർ/ അർദ്ധ സർക്കാർ ഗവ. അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് അടക്കം വാങ്ങാവുന്നതാണ്. എന്നാൽ ചില സ്ഥാപനങ്ങൾ സ്വകാര്യ സംരംഭകരിൽ നിന്നും സാധനങ്ങൾ വാങ്ങി ഇടനിലക്കാരായി പ്രവർത്തിക്കുന്നതിനാൽ ടെൻഡർ ഒഴിവാക്കി വാങ്ങുന്ന സാധനസാമഗ്രികൾ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവയ്ക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. അങ്ങനെയല്ലാത്ത സാധനങ്ങൾ നിർബന്ധമായും ടെൻഡർ മുഖേന വാങ്ങേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

കേരള സ്റ്റോർ പർച്ചേസ് മാന്വവൽ 2013 (ഖ.9.22) പ്രകാരം സർക്കാർ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ ആയത് ഉൽപ്പാദിപ്പിക്കുവാൻ ആരംഭിച്ച് 5 വർഷത്തിനകമാണെങ്കിൽ നേരിട്ട് വാങ്ങാം. വാങ്ങുന്ന സാധനങ്ങൾ സർക്കാർ സ്ഥാപനം തന്നെ ഉൽപ്പാദിപ്പിച്ചതാണെന്ന് പർച്ചേയ്സ് ഓഫീസർ ഉറപ്പ് വരുത്തണം (ഖ.9.24). എന്നാൽ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന പാലക്കാട് ഡിസ്ട്രിക്റ്റ് കോപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ ഒരു ഏജൻസിയായി പ്രവർക്കുന്ന സ്ഥാപനമാണ്. മാത്രമല്ല മേൽ സൂചിപ്പിച്ച ഇലക്ട്രോണിക്ക് സാധനങ്ങൾ ടി സ്ഥാപനം സ്വന്തമായി ഉത്പാദിക്കുന്നവയല്ല. മേൽ ഉത്തരവ് പാലിക്കാതെ പാലക്കാട് ഡിസ്ട്രിക്റ്റ് കോപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോറിൽ നിന്നും ഉപകരണങ്ങൾ ടെൻഡർ ഇല്ലാതെ വാങ്ങിയതിനുള്ള മറുപടിയിൽ (5/16-11-2017) സൂചിപ്പിച്ച ഉത്തരവ് 2009ലെ ഉത്തരവാണെന്നും അതിനെ മറികടന്നുള്ളതാണ് 3299/16, 2-12-2016 സൂചിപ്പിച്ച ഉത്തരവെന്നും കാലാകാലങ്ങളിലുള്ള ഉത്തരവുകൾ നിർവ്വഹണോദ്യോഗസ്ഥൻ പാലിക്കുവാൻ ബാദ്ധ്യസ്ഥനാണെന്നും ചൂണ്ടി കാണിക്കുന്നു. മേൽ ഉത്തരവ് പാലിക്കാതെ പാലക്കാട് ഡിസ്ട്രിക്റ്റ് കോപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോറിൽ നിന്നും സാധനങ്ങൾ വാങ്ങിയതിന് 172724/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 പുഞ്ചിരി അങ്കണവാടികളിലേക്ക് സ്ലൈഡർ വാങ്ങി നൽകൽ -വിതരണം ചെയ്യാത്ത സ്ലൈഡറുടെ തുക -16920/-തടസ്സപ്പെടുത്തുന്നു

പ്രൊജക്റ്റ് നം- s-12/2017

പേര്- പുഞ്ചിരി- അങ്കണവാടികൾക്ക് കളിക്കോപ്പുകൾ

അടങ്കൽ-252000/-

ചെലവ്-252000/-

ബിൽ നം-1/2017,21-01-2017,252000/-

മേൽ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 140 അങ്കണവാടികളിലേക്ക് സ്ലൈഡർ വാങ്ങി നൽകുന്നതിന് ക്വട്ടേഷൻ വിളിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ടി എസ് ബി പബ്ലിഷേഴ്സ്, കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ക്വാട്ടേഷൻ അംഗീകരിക്കുകയും ചെയ്തു. ബിൽ നം-1/2017,21-01-2017,252000/- പിൻവലിച്ച് ടി എസ് ബി പബ്ലിഷേഴ്സ്, കോഴിക്കോട് എന്ന സ്ഥാപനത്തിന് ഡി ഡി നം-392735/15-2-2017 ന് 179 @ 1410 എണ്ണം സ്ലൈഡർ വാങ്ങിയതിന് നൽകിയിട്ടുണ്ട്. എന്നാൽ ബ്ലോക്കിൽ ആകെ 140 അങ്കണവാടികൾ മാത്രമെ പ്രവർത്തിക്കുന്നുള്ളൂ. ആവശ്യമുള്ള 140 സ്ലൈഡർ മാത്രം വാങ്ങുന്നതിനു പകരം ബിൽ തുകയ്ക്ക് അനുസൃതമായി 179 സ്ലൈഡർ വാങ്ങുകയും അധികം വന്ന 39 സ്ലൈഡർ 10/1/2017 ലെ 5ാം നം തീരുമാന പ്രകാരം 20

തിലധികം കുട്ടികളുള്ള അങ്കണവാടികളിലേക്ക് വിതരണം ചെയ്യണമെന്നും പ്രൊജക്റ്റ് ഭേദഗതി വരുത്തണമെന്നും ഭരണസമിതി നിർദ്ദേശിച്ചിട്ടുണ്ട്. 20 തിലധികം കുട്ടികളുള്ള 27 അങ്കണവാടികൾക്ക് രണ്ട് വീതം സ്ലൈഡർ വിതരണം ചെയ്തിട്ടുണ്ട്. ബാക്കി വന്ന 12 സ്ലൈഡർ വിതരണം ചെയ്യാതെ സി ഡി പി ഒ ഓഫീസ്സിൽ സൂക്ഷിച്ച് വെച്ചിട്ടുണ്ടെന്നാണ് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. 20തിലധികം കുട്ടികളുണ്ട് എന്ന് സി ഡി പി ഒ അങ്കണവാടികൾ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയ ഫയൽ ഹാജരാക്കിയിട്ടില്ല. ഈ പദ്ധതി നടപ്പാക്കുന്നതിനു വേണ്ടി ആദ്യം തയ്യാറാക്കിയ പ്രൊജക്റ്റ്, തുടർന്ന് മേൽ തീരുമാന പ്രകാരം ഭേദഗതി വരുത്തിയ പ്രൊജക്റ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. മേൽ കാരണങ്ങളാൽ വിതരണം ചെയ്യാത്ത 12 സ്ലൈഡറുടെ തുക 16920/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

1. ഐ.കെ.എം.ന് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പ്രൊജ നം-102/17

ഐ.കെ.എം ന് - വിഹിതം നൽകൽ

അടങ്കൽ-41818/-

ചെലവ്-41818/-

ബിൽ നം-25/2017,തിയതി-28/02/2017,

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഐ.കെ.എം പ്രവർത്തനഫണ്ടിലേയ്ക്ക് 41818/-രൂപ വിഹിതം നൽകിയിട്ടുണ്ട് (SBI A/C-57047023512). എന്നാൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

2. തച്ചങ്ങോട് കോളനി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ പദ്ധതി

പ്രൊജക്റ്റ്നം-21/17

അടങ്കൽ-410000 (എസ്.സി.പി)

ബിൽ നം-06/2017,410000/- തിയതി-25/11/2016

തച്ചങ്ങോട് കോളനി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടലുമായി ബന്ധപ്പെട്ട പദ്ധതി നിർമ്മാണത്തിനായി ബ്ലോക്ക് പഞ്ചായത്ത് 410000 (DD.No.392469 dated 31/12/2016) കേരളവാട്ടർ അതോറിറ്റി പി.എച്ച്. ഡിവിഷൻ, ഷൊർണ്ണൂരിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ പൂർത്തികരണ സാക്ഷ്യപത്രം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

3. കോട്ടുമ്പാടം ചെന്തിരിക്കോട് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ പദ്ധതി

പ്രൊജക്റ്റ്നം-83/17

അടങ്കൽ-850000 (എസ്.സി.പി)

ബിൽ നം-07/2017,850000/- തിയതി-25/11/2016

കോട്ടമ്പാടം ചെന്തിരിക്കോട് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടലുമായി ബന്ധപ്പെട്ട പദ്ധതി നിർമ്മാണത്തിനായി ബ്ലോക്ക് പഞ്ചായത്ത് 850000 (DD.No.392470 dated 31/12/2016) കേരള വാട്ടർ അതോറിറ്റി പി.എച്ച്. ഡിവിഷൻ, ഷൊർണ്ണൂരിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ പൂർത്തികരണ സാക്ഷ്യപത്രം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

## 3-5 കുടിവെള്ള പദ്ധതികളിൽ കാണുന്ന പൊതുവായ അപാകതകൾ

താഴെപ്പറയുന്ന കുടിവെള്ള പദ്ധതിയിൽ ഗുണഭോക്തൃസമിതിയുമായി തുടർ പരിപാലനം സംബന്ധിച്ച എഗ്രിമെന്റ് വെച്ചിട്ടില്ല. കൂടാതെ ജി.ഓ (എം.എസ്) 4/2016 തസ്വഭവ, തീ. 11-1-2016ലെ ഖണ്ഡിക 7(12)ൽ 5 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് ഗ്രാമപഞ്ചായത്തിന്റെ സമ്മത പ്രകാരം കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കാം എന്ന് നിർദേശിക്കുന്നു. എന്നാൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ ഇവയിൽ സ്വീകരിച്ചിട്ടുമില്ല.

| ക്രമ നം. | പ്രോജക്ട് നം., പേര് | ചെലവ് |
|---|---|---|
| 1 | SO 59/17, പതിനെട്ടാം പടി കുടിവെള്ള പദ്ധതി | 497128 |
| 2 | SO 70/17, നീലാഞ്ചേരിക്കുന്ന് കുടിവെള്ള പദ്ധതി | 493683 |
| 3 | SO91/17, പതിനെട്ടാം പടി കുടിവെള്ള പദ്ധതി പൂർത്തീകരണം | 222873 |

കെട്ടിടങ്ങൾ, കുടിവെള്ള പദ്ധതികൾ എന്നിവ ആവശ്യമായ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തി സമഗ്രമായി ചെയ്യണമെന്നും ഫണ്ടിന്റെ കുറവ് ഉണ്ടെങ്കിൽ എസ്റ്റിമേറ്റ് എല്ലാ ഇനങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കി ബഹുവർഷ പ്രോജക്ടായി ചെയ്യണമെന്നും ജി.ഓ(എം.എസ്) 4/2016 തസ്വഭവ, തീ. 11-1-2016 പ്രകാരമുള്ള മാർഗരേഖ പ്രകാരം നിർദേശിക്കുന്നു. എന്നാൽ മേൽസൂചിപ്പിച്ച പ്രോജക്ടുകളിൽ ക്രമനം. 1,3എന്നിവ ഇതിൽ നിന്നും വ്യത്യസ്തമായി നിർവ്വഹണം നടത്തിയിരിക്കുന്നു. പദ്ധതിക്ക് ആവശ്യമുള്ള Pipe laying പോലുള്ള ഇനങ്ങൾ രണ്ടു പ്രോജക്ടുകളിലായി ഉൾക്കൊള്ളിച്ച് ഒരേ വർഷം തന്നെ നിർവ്വഹണം നടത്തിയിരിക്കുന്നു. മാർഗരേഖ പ്രകാരം പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-6 ഒഴിവാക്കി

## 3-7 ഐ എ വൈ ഭവന നിർമ്മാണ പദ്ധതി- പൂർത്തീകരിക്കാത്തവരുടെ വീടുകൾ വാസയോഗ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഐ എ വൈ ഭവന നിർമ്മാണ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ ഭവന പദ്ധതികളിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

പ്രൊജക്റ്റ് നം-173/17

അടങ്കൽ- 6799813 (എസ്.സി.പി)

ചെലവ്- 3783675

ബിൽനം-17/17,16/02/2017 രൂപ 3192649

ബിൽനം-40/17,30/03/2017 രൂപ 591026

| ക്രമ നം | ഗുണഭോക്താക്കളുടെ പേര് | കൈപ്പറ്റിയ തുക | കൈപ്പറ്റുവാൻ ബാക്കിയുള്ള തുക |
|---|---|---|---|
| 1 | സരിതഹരിദാസൻ, കാറൽമണ്ണ | 197000 | 103000 |
| 2 | പ്രേമ അയ്യപ്പൻ, കാറൽമണ്ണ | 95500 | 204500 |
| 3 | സൗമ്യ, ചെർപ്പുളശ്ശേരി | 224500 | 75500 |
| 4 | യേശുചിന്നൻ, അഴിയന്നൂർ | 264500 | 35500 |
| 5 | സരോജനി ബാലൻ, അഴിയന്നൂർ | 232000 | 68000 |
| 6 | കല്യാണിചാമി, പുഞ്ചപ്പാടം | 210000 | 90000 |
| 7 | ലിജി രതീഷ്, കോട്ടപ്പുറം | 177000 | 130000 |
| 8 | കമലാക്ഷിരാജൻ, വെള്ളിനേഴി | 189500 | 110500 |
| 9 | ദേവി ബേബി അടയ്ക്കാപുത്തൂർ | 272000 | 28000 |

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 ഒഴിവാക്കി

## 3-9 Single Tender കൾ സ്വീകരിച്ചത് സംബന്ധിച്ച്

സ.ഉ.നം. 324/15/ധനം, തീയ്യതി 30-7-0215 പ്രകാരം പ്രവൃത്തിക്ക് ഒരു ടെണ്ടർ മാത്രമേ ലഭിച്ചിട്ടുള്ളു എങ്കിൽ ടെണ്ടർ സമർപ്പിക്കുന്നതിനുള്ള തീയ്യതി 15ദിവസം കൂടി നീട്ടി നൽകി മറ്റ് ടെണ്ടറുകൾ ലഭിക്കുമോ എന്ന് പരിശോധിക്കണം എന്നും മറ്റു ടെണ്ടറുകൾ കിട്ടിയില്ലെങ്കിൽ റീടെണ്ടർ ചെയ്യണമെന്നും നിഷ്കർഷിക്കുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ Single Tender നേരിട്ട് സ്വീകരിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | ലഭിച്ച് ടെണ്ടറുകളുടെ എണ്ണം | അടങ്കൽ തുക | കരാറുകാരന്റെ പേര് |
|---|---|---|---|

| | | | |
|---|---|---|---|
| മണ്ണമ്പറ്റ എസ്റ്റേറ്റ് കുട്ടിലക്കടവ് റോഡ് പ്രവൃത്തി | 1 | 500000 | എസ്.അബ്ദുൾകരീം |
| പാർലിപ്പടി റോഡ് ശ്രീകൃഷ്ണപുരം | 1 | 500000 | ബാബു മറോക്കി |
| നീലാഞ്ചേരിക്കുന്ന് കുടിവെള്ള പദ്ധതി | 1 | 500000 | ശ്രീകുമാരൻ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ നം. ഡി.ബി.3/753 /12/സി.ഇ/ത.സ്വ.ഭ.വ, തീയ്യതി.28-7-2015 പ്രകാരം Single Tender Accept ചെയ്യാം എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ മേൽസൂചിപ്പിച്ച് ഇതിന് ശേഷം വന്ന ഉത്തരവിലൂടെ Single tender അംഗീകരിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ മത്സരാധിഷ്ഠിത ടെണ്ടറുകൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ കുറഞ്ഞ നിരക്കിൽ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനും അതിലൂടെ സ്ഥാപനത്തിന് സാമ്പത്തിക മെച്ചം ലഭിക്കുന്നതിനും ഉദ്ദേശിച്ച് പുറപ്പെടുവിക്കുന്ന മേല്പറഞ്ഞ വിധമുള്ള സർക്കാർ ഉത്തരവുകൾ പാലിച്ച് പ്രവൃത്തികൾ നിർവ്വഹണം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-10 കടമ്പഴിപ്പുറം ഭിന്നശേഷി കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യമൊരുക്കൽ- ക്യാഷ് ബിൽ ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ -97/17

പ്രോജക്ടിന്റെ പേര് - കടമ്പഴിപ്പുറം ഭിന്നശേഷി കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യമൊരുക്കൽ

അടങ്കൽ - 2,00,000 (ജനറൽ) തനത് - 2,00,000

ചെലവ് - 2,00,000

നിർവ്വഹണോദ്യോഗസ്ഥൻ - ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി

ബിൽ നമ്പർ 31/16-17 തിയതി 18-3-2017

കടമ്പഴിപ്പുറം ഭിന്നശേഷി കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യമൊരുക്കലുമായി ബന്ധപ്പെട്ട് 2,00,000 രൂപയ്ക്ക് ലക്ഷ്മി ഫർണ്ണിച്ചർ എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ടെങ്കിലും ക്യാഷ് ബിൽ ഹാജരാക്കിയിട്ടില്ല.ആയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.4/15.11.17). സാമ്പത്തിക വർഷാവസാനത്തെ തിരക്കിൽ ബില്ലിന്റെ കോപ്പി സൂക്ഷിക്കാൻ വിട്ടുപോയതാണെന്നും ബില്ലിന്റെ ഡ്യൂപ്ലിക്കേറ്റ് വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബ്ലോക്കിന്റെ പർച്ചേയ്സ് രജിസ്റ്ററിൽ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് ഭിന്നശേഷി കേന്ദ്രത്തിന് വിതരണം ചെയ്തിട്ടുണ്ടെന്ന് ഓഡിറ്റ് വേളയിൽ പരിശോധിച്ചിട്ടുണ്ട്. ബില്ലിന്റെ ഡ്യൂപ്ലിക്കേറ്റ് വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 3-11 ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികൾ

## നടപ്പിലാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 172 (1) നാലാം പട്ടിക പ്രകാരം ചെറുകിട വ്യവസായ മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന് ചുമതലകൾ നടപ്പിലാക്കാനുണ്ട്. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക, ചെറുകിട വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുക, വ്യവസായ മേഖലയിൽ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്ക്കരിക്കുക എന്നിവയാണവ. ബ്ലോക്ക് പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ ഈ മേഖലയിൽ പദ്ധതികളൊന്നും ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 3/15-11-17 നുള്ള മറുപടിയിൽ പദ്ധതി രൂപീകരണ വേളയിൽ വർക്കിംഗ് ഗ്രൂപ്പിലോ, ഗ്രാമസഭയിലോ നിർദ്ദേശം ഉയർന്നു വന്നിട്ടില്ലായെന്നും ആയതിനാലാണ് ഈ മേഖലയിൽ പ്രൊജക്ടുകൾ ഉണ്ടാവാത്തതെന്നും അറിയിച്ചിട്ടുണ്ട്. തുടർ വർഷങ്ങളിൽ വ്യവസായ മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുത്തു നടപ്പിലാക്കാവുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് വാങ്ങിയ സാധനങ്ങൾക്ക് ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ (പി) നം.259/2010 ത.സ്വ.ഭ.വ തീയതി 8.11.2010 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് സാധനസേവനങ്ങളുടെ അടങ്കൽ തുക 50000 രൂപയ്ക്ക് മുകളിലാണെങ്കിൽ മത്സരാധിഷ്ഠിത ടെണ്ടറുകൾ ഉറപ്പാക്കേണ്ടതാണ്. എന്നാൽ ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയിട്ടുള്ള താഴെ പറയുന്ന പദ്ധതികൾക്ക് 50000 രൂപയ്ക്ക് മുകളിലുള്ള സാധന സേവനങ്ങൾക്കും ടെണ്ടർ ഫോം വില്പന നടത്താതെ ക്വട്ടേഷൻ ക്ഷണിച്ചത് പ്രകാരം തനത്ഫണ്ടിലേയ്ക്ക് ലഭിക്കേണ്ട വരുമാനം നഷ്ടപ്പെട്ടിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക |
|---|---|---|
| 97/17 | ഭിന്നശേഷി കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യമൊരുക്കൽ | 2,00,000 |
| 93/17 | ISO സർട്ടിഫിക്കേഷന് ഉപകരണങ്ങൾ വാങ്ങൽ | 200000 |
| 86/17 | ബ്ലോക്ക് ഓഫീസിലേക്ക് സർവർ/കമ്പ്യൂട്ടർ വാങ്ങൽ | 152000 |
| 95/17 | ISO സർട്ടിഫിക്കേഷന് ഉപകരണങ്ങൾ വാങ്ങൽ | 365147 |
| 98/17 | ഹെലൻകെല്ലർ സ്കൂളിലേക്ക് ടെപ്പ്റെറ്റർ വാങ്ങൽ | 355000 |
| 112/17 | ഭിന്നശേഷി കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യമൊരുക്കൽ | 95452 |

ഭാവിയിൽ ടെണ്ടറുകൾ ക്ഷണിക്കുമ്പോൾ മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്ന നിയമാനുസൃതമായ

നിരക്കിൽ ടെണ്ടർ ഫോറങ്ങൾ വിൽക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണ്ടേതാണ്. കൂടാതെ ജി.ഒ.(എം.എസ്) നം.13/2015/ഐ.റ്റി.ഡി തീയതി 12/5/2015 പ്രകാരം 5 ലക്ഷത്തിന് മുകളിലുള്ള ടെണ്ടറുകൾക്ക് ഇ-പ്രൊക്യുർമെന്റ് രീതി ബാധകമാക്കേണ്ടതാണ്.

## 3-13 ശുചിത്വമിത്ര മാലിന്യപരിപാലന പദ്ധതി സമയബന്ധിതമായി പൂർത്തികരിക്കേണ്ടതാണ്.

പ്രൊജക്ട് നം-94/17 ശുചിത്വമിത്ര മാലിന്യപരിപാലന പദ്ധതി

അടങ്കൽ-2200000/-

ചെലവ്-2200000/-

ബിൽ നം-32/2017,തിയതി-18/03/2017, 3,50,000 രൂപ

ബിൽ നം-33/2017,തിയതി-24/03/2017, 3,50,000 രൂപ

ബിൽ നം-83/2017,തിയതി-30/03/2017, 3,00,000 രൂപ

ബിൽ നം-52/2017,തിയതി-31/03/2017, 12,00,000 രൂപ

ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-2017 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ശുചിത്വമിത്ര മാലിന്യപരിപാലന പദ്ധതി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ആറ് ഗ്രാമപഞ്ചായത്തിലെയും പ്ലാസ്റ്റിക് അവശിഷ്ടങ്ങൾ, മറ്റ് അവശിഷ്ടങ്ങൾ, ഇ-വേയ്സ്റ്റ് എന്നിവ ശേഖരിച്ച് പൂക്കോട്ട്കാവ് ഗ്രാമപഞ്ചായത്തിലെ ഷ്രെഡ്ഡിംഗ് യൂണിറ്റിൽ എത്തിച്ച് നിർമാർജ്ജനം ചെയ്യാനാണ് പ്രോജക്ട് വിഭാവനം ചെയ്തത്. കൂടാതെ ഗ്രാമപഞ്ചായത്തുകളിലെ വീടുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് വേണ്ടി 7 ലക്ഷം രൂപക്ക് ബാഗുകൾ വാങ്ങി ആറ് പഞ്ചായത്തുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങാൻ സാധിക്കാത്തതിനാലും, മാലിന്യ സംസ്കരണ കേന്ദ്രത്തിലേയ്ക്ക് മാലിന്യം എത്തിക്കാൻ വാഹനമില്ലാത്തതിനാലും പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചിട്ടില്ല. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതും, പ്രവർത്തന പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2016-17 | 10155000 | I A Y | 1300000 | 8855000 |

| | | | | | |
|---|---|---|---|---|---|
| ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് | 2016-17 | 14528125 | I A Y | 14528125 | 0 |

## 4-2. ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയത് സംബന്ധിച്ച് വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച് തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| K W A | 21/17തച്ചങ്ങോട് കോളനി കുടിവെള്ള പദ്ധതി | 410000 | 410000 | - |
| K W A | 83/17കോട്ടേമ്പാടം ചന്തിരിക്കാട് കുടിവെള്ള പദ്ധതി | 850000 | 850000 | - |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5. സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 83896946 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 105231740 |
| വരവിനങ്ങളിലുള്ള നഷ്ടം | - |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 289644 |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 100000 | ജി.എസ്.അനീഷ്<br>അസി. എക്സി. എഞ്ചിനീയർ |
| 3-2 | 172724 | ശ്രീജിത്ത് ബാബു, എസ്.സി.ഡി.ഒ. |
| 3-3 | 16920 | സി.രാധിക, സി.ഡി.പി.ഒ. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജി.എസ്. അനീഷ്,<br>അസി.എക്സി.എഞ്ചിനിയർ | അസി. എക്സി. എഞ്ചിനിയർ,<br>മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | അളകാപുരി,<br>മിനി സിവിൽ സ്റ്റേഷന് സമീപം,<br>ഒറ്റപ്പാലം- 679104 |
| സി. രാധിക<br>സി.ഡി.പി.ഒ. | വിരമിച്ചു | ഗോവിന്ദം, പുഴയ്ക്കൽ പോസ്റ്റ്<br>തൃശ്ശൂർ ജില്ല |
| ശ്രീജിത്ത് ബാബു<br>എസി.സി.ഡി.ഒ. | എസി.സി.ഡി.ഒ.<br>ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് | വൃന്ദാവൻ<br>കുന്നുവിള (പി.ഒ)<br>തൊഴുക്കൽ<br>നെയ്യാറ്റിൻകര<br>തിരുവനന്തപുരം<br>പിൻ – 695121 |

# 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96 | എൽ.എഫ്.പി(11)/464/04/8.5.03 | പുനരഭിപ്രായക്കുറിപ്പ് |
| 1996-97 | എൽ.എഫ്.പി(11)/464/04/8.5.03 | പുനരഭിപ്രായക്കുറിപ്പ് |
| 1997-98 | എൽ.എഫ്.പി(11)/464/04/8.5.03 | പുനരഭിപ്രായക്കുറിപ്പ് |
| 1998-99 | എൽ.എഫ്.പി(5)1017/04/9.2.04 | പുനരഭിപ്രായക്കുറിപ്പ് |
| 1995-00 | എൽ.എഫ്.പി(8)1587/08/11.3.10 | പുനരഭിപ്രായക്കുറിപ്പ് |
| 2000-01 | എൽ.എഫ്.പി(8)1588/08/18.3.10 | പുനരഭിപ്രായക്കുറിപ്പ് |
| 2001-02 | എൽ.എഫ്.പി(8)1684/08/11.3.10 | പുനരഭിപ്രായക്കുറിപ്പ് |
| 2002-03 | എൽ.എഫ്.പി(8)2391/12/27.3.13 | പുനരഭിപ്രായക്കുറിപ്പ് |
| 2003-04 | എൽ.എഫ്.പി(8)2392/12/4.2.13 | പുനരഭിപ്രായക്കുറിപ്പ് |
| 2004-05 | എൽ.എഫ്.പി(8)2393/12/5.4.13 | പുനരഭിപ്രായക്കുറിപ്പ് |
| 2005-06 | എൽ.എഫ്.പി(8)2394/12/5.4.13 | പുനരഭിപ്രായക്കുറിപ്പ് |
| 2006-07 | എൽ.എഫ്.പി(8)918/10/12.1.11 | പുനരഭിപ്രായക്കുറിപ്പ് |
| 2007-08 | എൽ.എഫ്.പി(8)693/13/2.5.12 | പുനരഭിപ്രായക്കുറിപ്പ് |
| 2008-09 | എൽ.എഫ്.പി(8)701/13/7.5.12 | പുനരഭിപ്രായക്കുറിപ്പ് |
| 2009-10 | എൽ.എഫ്.പി(8)504/12/7.8.12 | പുനരഭിപ്രായക്കുറിപ്പ് |
| 2010-11 | എൽ.എഫ്.പി(8)1096/13/5.2.14 | പുനരഭിപ്രായക്കുറിപ്പ് |
| 2011-12 | എൽ.എഫ്.പി(8)1939/14/13.1.15 | പുനരഭിപ്രായക്കുറിപ്പ് |
| 2012-13, 2013-14, 2014-15 | കെ.എസ്.എ.പി.കെ.ഡി 8/2022/15 /27-1-2016 | പുനരഭിപ്രായക്കുറിപ്പ് |
| 2015-16 | കെ.എസ്.എ.പി.കെ.ഡി 8/457/17 /17-5-2017 | പുനരഭിപ്രായക്കുറിപ്പ് |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്